**കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ**

നം.വി.എൽ.ഇ2/009729/2014(A&V D4)

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം, തീയതി. 30.11.2022

**കാരണം കാണിക്കൽ നോട്ടീസ്**

കായംകുളം യൂണിറ്റിലെ ഡ്രൈവറായ ശ്രീ.വി.ബിജു എന്ന താങ്കൾ 09.02.2014 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല. യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിച്ച് മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെ ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് കുറ്റകരമാണ്. 21.05.2013 ൽ സർവ്വീസിൽ കയറിയ താങ്കൾ പ്രൊബേഷൻ കാലയളവിൽ തന്നെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുന്നത് ഗുരുതരമായ വീഴ്ചയും ആയത് കുറ്റകരവുമാണ്. താങ്കളുടെ അഭാവം കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും കോർപ്പറേഷന് അപരിഹാര്യമായ ധനനഷ്ടത്തിന് ഇട വരുത്തുകയും ചെയ്തു. ആകയാൽ ശ്രീ.വി.ബിജു എന്ന താങ്കൾക്ക് 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റപത്രം നൽകി.

കുറ്റപത്രത്തിന് താങ്കൾ വിശദീകരണം നൽകിയിട്ടില്ല. തുടർന്ന് ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി കൊല്ലം യൂണിറ്റോഫീസറെ ചുമതലപ്പെടുത്തുകയും താങ്കളുടെ ഭാഗം വിശദീകരിക്കുന്നതിനായി മൂന്ന് തവണ താങ്കൾക്ക് അവസരം നൽകിയെങ്കിലും താങ്കൾ വിചാരണയിൽ പങ്കെടുത്തില്ല. 09.02.2014 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന് കോർപ്പറേഷന് സേവനം നിഷേധിക്കുന്ന താങ്കളെ കുറ്റക്കാരനായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് കൈമാറാൻ നിയോഗിച്ച ഇൻസ്പെക്ടർ താങ്കൾ ഡൽഹിയിൽ മറ്റൊരു ജോലി ചെയ്യുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. സ്വാർത്ഥ ലാഭത്തിന് വേണ്ടി പ്രൊബേഷൻ കാലയളവിൽ തന്നെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന് കോർപ്പറേഷന് 09.02.2014 മുതൽ സേവനം നിഷേധിക്കുന്ന താങ്കളെ 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നു.

ഈ ശിക്ഷ ശ്രീ.വി.ബിജു എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ താങ്കളുടെ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ താങ്കളുടെ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ വിശദീകരണമോ നൽകുവാനില്ല എന്നനുമാനിക്കുന്നതും അനന്തരനടപടി കൈക്കൊള്ളുന്നതുമാണ്.

എ.ഷാജി
(ഗവ.ജോയിന്റ് സെക്രട്ടറി)
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്: ശ്രീ.വി.ബിജു, ഡ്രൈവർ, കായംകുളം
(ജില്ലാ അധികാരി, ആലപ്പുഴ മുഖാന്തിരം)

പകർപ്പ്: – ജില്ലാ അധികാരി, ആലപ്പുഴ - ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പുവാങ്ങി തിരികെ അയച്ചു തരേണ്ടതാണ്.

സ്റ്റോക്ക് ഫയൽ / ഫയൽ

Ad